സെഷണൽ മാർക്കിന്റെ കുറവുമൂലം വിജയിക്കാതിരുന്ന വിദ്യാർത്ഥികൾ

142 (1198) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയുടെ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സിലെ 2008-2012 ബാച്ചിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ അവരുടെ നാലാം സെമസ്റ്റർ മാത്തമാറ്റിക്സ് വിഷയത്തിൽ സെഷണൽ മാർക്കിന്റെ കുറവുമൂലം വിജയിക്കാതിരിന്നീട്ടുണ്ട് ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾ ബാക്കിയുള്ള എല്ലാ സെമസ്റ്ററുകളിലെയും എല്ലാ വിഷയങ്ങൾക്കും ആവശ്യമായ സെഷണൽ മാർക്ക് ഉൾപ്പെടെ നേടി വിജയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഒരു വിഷയത്തിന്റെ സെഷണൽ മാർക്ക് മാത്രം കുറയാൻ കാരണമെന്താണെന്ന യൂണിവേഴ്സിറ്റി തലത്തിൽ അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഇതുമൂലം പ്രസ്തുത വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008-2012 ബി.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബാച്ചിൽപ്പെട്ട 3 വിദ്യാർത്ഥികൾ ആവരുടെ 4-ാം സെമസ്റ്റർ മാത്തമാറ്റിക്സിന് സെഷണൽ മാർക്കിന്റെ കുറവുമൂലം വിജയിച്ചില്ല.

(ബി) രണ്ട് വിദ്യാർത്ഥികൾ ബാക്കിയുള്ള എല്ലാ സെമസ്റ്ററിനും എല്ലാ വിഷയങ്ങൾക്കും ആവശ്യമായ സെഷണൽ മാർക്ക് നേടി വിജയിച്ചു. ഒരു വിദ്യാർത്ഥി S1, S3, S5, S8 എന്നീ സെമസ്റ്ററുകൾക്ക് വിവിധ വിഷയങ്ങളിൽ കുറഞ്ഞ സെഷണൽ മാർക്ക് നേടുകയുണ്ടായി.

(സി-ഇ) കേരള സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചാണ് കോളേജുകൾ സെഷണൽ മാർക്ക് നൽകുന്നത്. സെഷണൽ മാർക്ക് അനുവദിക്കുന്നതിൽ സർവ്വകലാശാല ഇടപെടാറില്ല.

LIBRARY ARCHIVES Kerala Legislative Assembly